PMMSY

एन एफ डी बी
NFDB

കേരള സർക്കാർ
ഫിഷറീസ് വകുപ്പ്

ഏജൻസി ഫോർ ഡെവലപ്മെന്റ്
ഓഫ് അക്വാകൾച്ചർ, കേരള

SEAI

# അക്വാ മീറ്റ് 2026

**24 ജനുവരി 2026 | 9.30 AM**

**ബോൾഗാട്ടി പാലസ്, എറണാകുളം**



**ഉദ്ഘാടനം**
**ശ്രീ. സജി ചെറിയാൻ**
ബഹു. മത്സ്യബന്ധന, സാംസ്കാരിക
യുവജനകാര്യ വകുപ്പ് മന്ത്രി

**അദ്ധ്യക്ഷൻ**
**ശ്രീ. പി. രാജീവ്**
ബഹു. നിയമ, വ്യവസായ
കയർ വികസന വകുപ്പ് മന്ത്രി

തിരുവനന്തപുരം
19.01.2026

ബഹുമാന്യരെ,

അക്വാകൾച്ചർ പ്രോത്സാഹിപ്പിക്കുന്നതിനായി കേരള സർക്കാർ രൂപീകരിച്ച ഏജൻസി ഫോർ ഡെവലപ്മെന്റ് ഓഫ് അക്വാകൾച്ചർ, കേരള (ADAK) വന്നാമി ചെമ്മീൻ കൃഷിയുടെ വികസനത്തിന് സുസ്ഥിരമായ ഒരു മാതൃക രൂപപ്പെടുത്തുന്നതിന് ഉതകുംവിധം **"അക്വാ മീറ്റ് 2026"** സംഘടിപ്പിക്കുന്നു. വന്നാമി ചെമ്മീൻ വ്യവസായത്തിന്റെ സുസ്ഥിര വികസനത്തിനായി കർഷകർ, സാങ്കേതിക വിദഗ്ധർ, വ്യവസായികൾ, ട്രേഡ് യൂണിയൻ പ്രതിനിധികൾ, സർക്കാർ ഉദ്യോഗസ്ഥർ എന്നിവർ മേൽ പരിപാടിയിൽ ഒന്നിച്ച് അണിനിരക്കുന്നു.

ഉൽപാദനവർദ്ധന, മികച്ച തൊഴിലവസരങ്ങൾ സൃഷ്ടിക്കൽ, സാമ്പത്തിക വളർച്ച, പരിസ്ഥിതി സംരക്ഷണം, സാമൂഹികസന്തുലനം എന്നിവ കോർത്തിണക്കി ശോഭനമായ ഭാവിയിലേക്കുള്ള ഒരു ദർശനാത്മക ചുവടുവയ്പാണ് **"അക്വാ മീറ്റ് 2026"**. കേരളത്തിന്റെ വിശാലവും ഫലഭൂയിഷ്ഠവുമായ ഓരുജല സ്രോതസുകളെയും, സാങ്കേതിക വൈദഗ്ധ്യത്തെയും, കയറ്റുമതി സാധ്യതകളെയും സംയോജിപ്പിച്ച് വന്നാമി ചെമ്മീൻ വ്യവസായത്തിന്റെ സുസ്ഥിര വികസനത്തിനായി ഒരു ആഗോള മാതൃക സ്ഥാപിക്കാൻ ഈ സംരംഭത്തിലൂടെ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു. സാങ്കേതിക സെഷനുകൾ, കർഷകരുടെ അനുഭവം പങ്കിടൽ, ചർച്ചകൾ, പ്രദർശനം എന്നിവ **"അക്വാ മീറ്റ് 2026"** ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

**2026 ജനുവരി 24–ാം തീയതി ശനിയാഴ്ച രാവിലെ 9.30** – ന് എറണാകുളം ബോൾഗാട്ടി പാലസിൽ **ബഹു. നിയമ, വ്യവസായ, കയർ വികസന വകുപ്പ് മന്ത്രി ശ്രീ. പി. രാജീവ്** അദ്ധ്യക്ഷത വഹിക്കുന്ന ചടങ്ങിൽ **ബഹു. മത്സ്യബന്ധന, സാംസ്കാരിക, യുവജനകാര്യ വകുപ്പ് മന്ത്രി ശ്രീ. സജി ചെറിയാൻ** പ്രസ്തുത പരിപാടിയുടെ ഉദ്ഘാടനം നിർവ്വഹിക്കുന്നു. പ്രസ്തുത ചടങ്ങിൽ **ബഹു. പാർലമെന്റ് അംഗം ശ്രീ. ഹൈബി ഈഡൻ**, **ബഹു. നിയമസഭാംഗം ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ** എന്നിവർ മുഖ്യാതിഥികളായിരിക്കും.

പ്രസ്തുത ചടങ്ങിലേക്ക് ഏവരുടേയും മഹനീയ സാന്നിദ്ധ്യം സാദരം ക്ഷണിച്ചുകൊള്ളുന്നു.

**ഇഗ്നേഷ്യസ് മൺഡ്രോ ബി.**
മാനേജിംഗ് ഡയറക്ടർ, ADAK

# കാര്യപരിപാടി

**24 ജനുവരി 2026 | 9.30 AM**

| | | |
|---|---|---|
| ഈശ്വര പ്രാർത്ഥന | : | |
| സ്വാഗതം | : | **ശ്രീമതി ചെൽസാസിനി വി. IAS**<br>ഫിഷറീസ് ഡയറക്ടർ |
| അദ്ധ്യക്ഷൻ | : | **ശ്രീ. പി.രാജീവ്**<br>ബഹു. നിയമ, വ്യവസായ,<br>കയർ വികസന വകുപ്പ് മന്ത്രി |
| ഉദ്ഘാടനം | : | **ശ്രീ. സജി ചെറിയാൻ**<br>ബഹു. മത്സ്യബന്ധന, സാംസ്കാരിക,<br>യുവജനകാര്യ വകുപ്പ് മന്ത്രി |
| മുഖ്യാതിഥികൾ | : | **ശ്രീ. ഹൈബി ഈഡൻ**<br>ബഹു. പാർലമെന്റ് അംഗം |
| | : | **ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ**<br>ബഹു. നിയമസഭാംഗം |
| ആശംസകൾ | : | **ഡോ. എ. ബിജുകുമാർ**<br>വൈസ് ചാൻസലർ, KUFOS |
| | : | **ഡോ. എസ്. കണ്ണപ്പൻ**<br>സീനിയർ എക്സിക്യൂട്ടീവ് ഡയറക്ടർ, NFDB |
| കൃതജ്ഞത | : | **ശ്രീ. ഇഗ്നേഷ്യസ് മൺഡ്രോ ബി.**<br>മാനേജിംഗ് ഡയറക്ടർ, ADAK |



AGENCY FOR DEVELOPMENT OF AQUACULTURE, KERALA (ADAK)


**ഏജൻസി ഫോർ ഡെവലപ്മെന്റ്
ഓഫ് അക്വാകൾച്ചർ, കേരള**

റീജ, റ്റി.സി. 29/3126 മിൻചിൻ റോഡ്, തൈക്കാട് പി.ഒ. തിരുവനന്തപുരം – 695014
ഫോൺ: 0471 2322410 e–mail id: adaktvm@gmail.com